**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.357      28.05.2019 ൽ മറുപടിയ്ക്ക്

**സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി**

ചോദ്യം
ശ്രീ.കെ.എസ്.ശബരീനാഥൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിറ്റഴിക്കുക വഴി ഭീമമായ തുകയാണ് സപ്ലൈകോയ്ക്ക് ഓരോ വർഷവും ചെലവാകുന്നത്. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷന് കനത്ത സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു. കൂടാതെ നെല്ല് സംഭരണയിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകേണ്ട തുക ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസവും സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്. |
| (ബി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതിന്റെ ലാഭം 6 ശതമാനത്തിൽ നിന്നും 15 ശതമാനമായി വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇതിന്റെ ഭാഗമായി ബ്രാൻഡഡ് അരി ഉല്പന്നങ്ങളുടെ വില കൂട്ടിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | വില നേരിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ബ്രാൻറഡ് അരിയുടെ വിൽപ്പനവില നിശ്ചയിച്ചിരുന്നത് അരി ഔട്ട് ലെറ്റിൽ വിതരണക്കാരൻ നേരിട്ട് എത്തിക്കുകയാണെങ്കിൽ വിലയുടെ നാല് ശതമാനവും ബന്ധപ്പെട്ട ഡിപ്പോയിലാണെങ്കിൽ ആറ് ശതമാനവും മാർജിൻ കണക്കാക്കിയാണ്. എന്നാൽ ഇത് കൈകാര്യ ചെലവിനു പോലും പര്യാപ്തമല്ലെന്ന സിഎജി ഓഡിറ്റിന്റെ ശിപാർശ കണക്കിലെടുത്ത് 01/02/2019 മുതൽ എല്ലാവിധ ബ്രാൻഡഡ് അരികൾക്കും വിതരണക്കാരൻ ഔട്ട് ലെറ്റിൽ നേരിട്ട് എത്തിക്കുന്ന സാഹചര്യത്തിൽ വിലയുടെ ഒൻപത് ശതമാനവും ബന്ധപ്പെട്ട ഡിപ്പോയിലാണ് എത്തിക്കുന്നതെങ്കിൽ വിലയുടെ പതിനൊന്ന് ശതമാനവും മാർജിൻ എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി ബ്രാൻഡഡ് അരിയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ